പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2722 **28-10-2026-ൽ മറുപടിയ്ക്ക്**

നിലമ്പൂർ നഗരസഭയിലെ കളത്തിൻകടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ആര്യാടൻ ഷൗക്കത്ത് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) നിലമ്പൂർ നഗരസഭയിലെ കളത്തിൻകടവിൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പ്രാരംഭ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭയിലെ കളത്തിൻകടവിൽ ചാലിയാർ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മിക്കുന്ന പ്രവൃത്തിയ്ക്ക് GO(Rt) No. 780/2018/WRD dated 30.10.2018 പ്രകാരം കിഫ്ബി (KIIFB) ഫണ്ട് ഉപയോഗിച്ച് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KIIDC) മുഖേന നടപ്പിലാക്കുന്നതിന് 50 കോടി രൂപയുടെ തത്വത്തിലുള്ള അംഗീകാരം നല്കിയിരുന്നു.

IDRB ഡിസൈൻ പ്രകാരം 12 മീറ്റർ വെന്റ് വേ ഉള്ള റെഗുലേറ്ററാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ വനമേഖലയുടെ താഴെ ആയതിനാൽ മഴക്കാലത്ത് തേക്കിൻതടികളും മറ്റും ഒഴുകിയെത്തി ഷട്ടറുകൾക്ക് കേടുപാടുകൾ സംഭവിക്കാനുള്ള സാധ്യത കണക്കിലെടുത്ത് വെന്റ് വേ യുടെ വലിപ്പം വർദ്ധിപ്പിച്ച് ഹൈലെവൽ ബാരേജായി നിർമ്മിക്കുന്നത് പരിശോധിക്കാനായി KIIDC-ലെ ഉദ്യോഗസ്ഥർ 09.02.2023-ന് സ്ഥലം സന്ദർശിച്ചു. തുടർന്നുള്ള സർവേ പൂർത്തിയാക്കിയെങ്കിലും മണ്ണ് പരിശോധനയ്ക്കുള്ള നടപടികൾ പുരോഗമിക്കുന്നതിനിടെ 2024 ജൂലൈയിൽ പ്രദേശത്ത് ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടായി. പ്രസ്തുത പ്രദേശം പരിസ്ഥിതിലോല മേഖലയായതിനാൽ പുതിയ നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് വിശദമായ പഠനം നടത്തേണ്ടതുണ്ട്.

(ബി) ആയതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ